*'CORRUPTION, A CRIME AGAINST NATION'*

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393
തീയതി:18.02.2022

# ചാല സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസിന്റെ മിന്നൽ പരിശോധന – പണവും മദ്യവും പിടിച്ചെടുത്തു

ആധാരമെഴുത്തുകാരിൽ നിന്നും ആധാരം രജിസ്റ്റർ ചെയ്യാൻ എത്തുന്നവരിൽ നിന്നും ചാല സബ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ബുധനാഴ്ച (16.02.2022-ാം തീയതി) നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽ പെടാത്ത 6660/- രൂപയും രണ്ട് കുപ്പി വിദേശ മദ്യവും കണ്ടെത്തി.

ബുധനാഴ്ച (16.02.2022)വൈകിട്ട് 4.50 മണിയോടെ ആരംഭിച്ച മിന്നൽ പരിശോധന രാത്രി 11 മണി വരെ നീണ്ടു. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 പോലീസ് സൂപ്രണ്ടിന്റെ നിർദ്ദേശാനുസരണം പോലീസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അജയകുമാറിന്റെ നേതൃത്വത്തിലായിരുന്നു മിന്നൽ പരിശോധന നടന്നത്. പരിശോധനയിൽ റിക്കാർഡ് റൂമിൽ റിക്കാർഡുകൾക്കിടയിൽ സൂക്ഷിച്ചിരുന്ന രൂപയും രണ്ട് കുപ്പി വിദേശമദ്യവുമാണ് വിജിലൻസ് പിടിച്ചെടുത്തത്. കൂടാതെ ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് ഏജന്റുമാർ ഓഫീസിൽ കയറിയിറങ്ങുന്നതായും സർക്കാർ ഉത്തരവ് പ്രകാരം വിവിധ സേവനങ്ങൾക്കുള്ള ഫീസിന്റെ വിശദവിവരങ്ങൾ ഓഫീസിൽ പ്രദർശിപ്പിക്കാതെ ഏജന്റുമാർ മുഖേന കൂടുതൽ തുക ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത്

ഉദ്യോഗസ്ഥരും ഏജന്റുമാരും ചേർന്ന് വീതിച്ചെടുക്കുന്നതായും വിജിലൻസ് കണ്ടെത്തി.

മിന്നൽ പരിശോധനയിൽ പോലീസ് ഇൻസ്പെക്ടർമാരായ അനിൽകുമാർ, സിയ ഉൾ ഹഖ്,പോലീസ് സബ് ഇൻസ്പെക്ടർമാരായ ഗോപകുമാർ, പ്രേംകുമാർ പോലീസ് ഉദ്യോഗസ്ഥരായ വിനയകുമാർ,ഷാജി, ജയൻ, ആശാമിലൻ തുടങ്ങിയവർ മിന്നൽ പരിശോധനയിൽ പങ്കെടുത്തു